**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3173** **11-03-2025 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലം ടൗൺ സ്ക്വയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലം ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 10.01.2014 ലെ സ.ഉ (സാധാ) നം.318/2014/ ടൂറിസം പ്രകാരം, ഡെവലപ്പ്മെന്റ് ഓഫ് മാർക്കറ്റ് സ്ട്രീറ്റ് പ്ലേയ്സ് അറ്റ് വണ്ടൂർ, വാണിയമ്പലം, മലപ്പുറം എന്ന പദ്ധതിയ്ക്ക് 4,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വണ്ടൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താണ് പദ്ധതി പ്രദേശം. പ്രസ്തുത പദ്ധതി സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന പൂർത്തീകരിച്ച് മലപ്പുറം ഡി.ടി.പി.സിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നാളിതുവരെ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. വണ്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവത്തികൾ പൂർത്തിയാക്കിയതിനുശേഷം പഞ്ചായത്തിനെ തിരിച്ചേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നതാണ് ഇതിനുള്ള കാരണമായി പഞ്ചായത്ത് അറിയിച്ചത്.<br><br>മേൽ പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.12.2024ൽ യോഗം ചേർന്ന് ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br><br>1. വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാണിയമ്പലം ടൗൺ സ്ക്വയർ പദ്ധതിയുടെ നടത്തിപ്പും, പരിപാലനവും മലപ്പുറം ഡി.ടി.പി.സിയിൽ നിക്ഷിപ്തമായിരിക്കും.<br><br>2. റവന്യൂ വരുമാനം പങ്കിടുന്നത് സംബന്ധിച്ച് ഡി.ടി.പി.സി യും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.<br><br>തുടർന്ന് 04.02.2025ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വണ്ടൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് അധികൃതരുമായി യോഗം ചേരുകയും, പദ്ധതിയുടെ നടത്തിപ്പ് റവന്യൂ ഷെയറിംഗ് മോഡലിൽ നടപ്പിലാക്കാമെന്നും, പദ്ധതിയുടെ നടത്തിപ്പും പരിപാലനവും പഞ്ചായത്ത് നടത്താമെന്നും റവന്യൂ വരുമാനത്തിന്റെ പരമാവധി 25% ഡി.ടി.പി.സിക്കു നൽകുവാൻ തയ്യാറാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഡി.ടി.പി.സിയും വകുപ്പും പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച് എടുക്കുന്ന തീരുമാനപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വണ്ടൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.<br><br>മലപ്പുറം ഡി.ടി.പി.സിയും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ റവന്യൂ ഷെയറിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളും. |
| (ബി) | പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത ടൗൺ സ്ക്വയർ എന്നത്തേയ്ക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | 10.01.2014 ലെ സ.ഉ (സാധാ) നം.318/2014/ ടൂറിസം പ്രകാരം, ഡെവലപ്പ്മെന്റ് ഓഫ് മാർക്കറ്റ് സ്ട്രീറ്റ് പ്ലേയ്സ് അറ്റ് വണ്ടൂർ, വാണിയമ്പലം, മലപ്പുറം എന്ന പദ്ധതിയ്ക്ക് 4,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വണ്ടൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താണ് പദ്ധതി പ്രദേശം. പ്രസ്തുത പദ്ധതി സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന പൂർത്തീകരിച്ച് മലപ്പുറം ഡി.ടി.പി.സിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നാളിതുവരെ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. വണ്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവത്തികൾ പൂർത്തിയാക്കിയതിനുശേഷം പഞ്ചായത്തിനെ തിരിച്ചേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നതാണ് ഇതിനുള്ള കാരണമായി പഞ്ചായത്ത് അറിയിച്ചത്.<br><br>മേൽ പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.12.2024ൽ യോഗം ചേർന്ന് ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br><br>1. വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാണിയമ്പലം ടൗൺ സ്ക്വയർ പദ്ധതിയുടെ നടത്തിപ്പും, പരിപാലനവും മലപ്പുറം ഡി.ടി.പി.സിയിൽ നിക്ഷിപ്തമായിരിക്കും.<br><br>2. റവന്യൂ വരുമാനം പങ്കിടുന്നത് സംബന്ധിച്ച് ഡി.ടി.പി.സി യും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | തുടർന്ന് 04.02.2025ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് അധികൃതരുമായി യോഗം ചേരുകയും, പദ്ധതിയുടെ നടത്തിപ്പ് റവന്യൂ ഷെയറിംഗ് മോഡലിൽ നടപ്പിലാക്കാമെന്നും, പദ്ധതിയുടെ നടത്തിപ്പും പരിപാലനവും പഞ്ചായത്ത് നടത്താമെന്നും റവന്യൂ വരുമാനത്തിന്റെ പരമാവധി 25% ഡി.ടി.പി.സിക്കു നൽകുവാൻ തയ്യാറാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഡി.ടി.പി.സിയും വകുപ്പും പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച് എടുക്കുന്ന തീരുമാനപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വണ്ടൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.<br><br>മലപ്പുറം ഡി.ടി.പി.സിയും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ റവന്യൂ ഷെയറിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളും. |

സെക്ഷൻ ഓഫീസർ